**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2463** **19/03/2015-ൽ മറുപടിക്ക്**

**മരുന്നുകളുടെ രൂക്ഷമായ ക്ഷാമം**

**ചോദ്യം**
ശ്രീ. സി. ദിവാകരൻ

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന മരുന്നുകളുടെ (പ്രത്യേകിച്ച്, പ്രമേഹം, രക്തസമ്മർദ്ദം) രൂക്ഷമായ ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (എ) | നടപ്പു സാമ്പത്തികവർഷം (2014-15) മുതൽ സർക്കാർ നിർദ്ദേശാനുസരണം ഇ-ടെൻഡർ നടപടികളിലൂടെയാണ് കോർപ്പറേഷൻ മരുന്നു സംഭരിച്ചത്. ഇതനുസരിച്ച് 2014 ജനുവരി 28 ന് തന്നെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള ടെൻഡർ ക്ഷണിച്ചുവെങ്കിലും പ്രസ്തുത ടെൻഡറിൽ വളരെ കുറച്ച് വിതരണക്കാരെ വിജയകരമായി ടെൻഡർ സമർപ്പിച്ചുള്ളൂ. പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണശാലകളിൽ എത്തുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് അവശ്യമരുന്നുകളുടെ ക്ഷാമം നേരിടാതിരിക്കാൻ കോർപ്പറേഷന്റെ ജില്ലാ സംഭരണ ശാലകളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കണം എന്ന് നിർദ്ദേശിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറവുണ്ടായാൽ (കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മനോരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ) ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി 17.11.2014-ൽ GO(Rt) No.3725/J1/2014/H&FWD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ